# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/209/2017 2017 ഒക്ടോബർ 09

## പത്രക്കുറിപ്പ്

### ഇംഗ്ലീഷ് ബിരുദ ശില്പശാല മാറ്റി

ഇന്ന് (ഒക്ടോബർ 10) കോട്ടയം സി.എം.എസ്. കോളേജിൽ വച്ച് ഫൈൻട്യൂൺ യുവർ ഇംഗ്ലീഷ് എന്ന ബിരുദതല ഇംഗ്ലീഷ് ഗ്രാമർ ടെക്സ്റ്റ്ബുക്കിനെ അധികരിച്ച് അഫിലിയേറ്റഡ് കോളേജുകളിലെ ഇംഗ്ലീഷ് അദ്ധ്യാപകർക്കായി നടത്താൻ നിശ്ചയിച്ചിരുന്ന ശില്പശാല ഒക്ടോബർ 11ന് രാവിലെ 10 മണിക്ക് നടത്തുന്നതിനായി മാറ്റിവച്ചു.

### പരീക്ഷാ തീയതി

ഒന്നാം വർഷ ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (പുതിയ സ്കീം 2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷന സപ്ലിമെന്ററി പഴയ സ്കീം - 2008 മുതൽ 2014 വരെ അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 27ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 17 വരെയും 50 രൂപ പിഴയോടെ 19 വരെയും 500 രൂപ സൂപ്പർഫൈനോടെ 20 വരെയും സ്വീകരിക്കും.

ഫൈനൽ ബി.ഡി.എസ്. പാർട്ട് ഒന്ന് (പുതിയ സ്കീം - 2008 അഡ്മിഷൻ മുതൽ, പ്യ്യ സ്കീം 2008നു മുമ്പുള്ള അഡ്മിഷൻ) സപ്ലിമെന്ററി ഡിഗ്രി പരീക്ഷ ഒക്ടോബർ 27ന് ആരംഭിക്കും.

ഫൈനൽ ബി.ഡി.എസ്. പാർട്ട് രണ്ട് (പുതിയ സ്കീം - 2008 അഡ്മിഷൻ മുതൽ, പഴയ സ്കീം 2008ന് മുമ്പുള്ള അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകൾ നവംബർ 8ന് ആരംഭിക്കും.

### അപേക്ഷാ തീയതി

മൂന്നാം സെമസ്റ്റർ എം.എഡ്. (സ്പെഷ്യൽ എഡ്യൂക്കേഷൻ - ഇന്റലക്ചൽ ഡിസെബിലിറ്റി, ദ്വിവർഷം, 2016 അഡ്മിഷൻ) പരീക്ഷകൾ ഒക്ടോബർ 25 മുതൽ നടത്തും. അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 12 വരെയും 50 രൂപ പിഴയോടെ 13 വരെയും 500 രൂപ സൂപ്പർഫൈനോടെ 16 വരെയും സ്വീകരിക്കും. 150 രൂപ സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

### സംവരണ സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ 2017 എം.എസ്.സി. പ്രോഗ്രാമിൽ എസ്.സി. വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. താല്പര്യമുള്ളവർ നാളെ (ഒക്ടോബർ 11) ഉച്ച കഴിഞ്ഞ് 2 മണിയ്ക്കകം സ്കൂൾ ഡയറക്ടർ മുമ്പാകെ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം. ഫോൺ: 0481 – 2731043.

### പ്രാക്ടിക്കൽ

2017 മെയ് മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.പി.ഇ./എം.പി.എഡ്. (റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 12ന് മൂലമറ്റം സെന്റ് ജോസഫ്സ് അക്കാദമി ഓഫ് ഹയർ എജ്യൂക്കേഷനിൽ വച്ച് നടത്തുന്നതാണ്. ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**സന്ദർശകർക്ക് നിയന്ത്രണം**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് നാക് ടീം സർവ്വകലാശാല സന്ദർശിക്കുന്നതിനാൽ ഒക്ടോബർ 16 വരെ വൈസ് ചാൻസലറുടെ ഓഫീസിൽ സന്ദർശകരെ സ്വീകരിക്കുന്നതല്ല.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**